*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

170th Issue - Volume 5, No. 4 ജാഗ്രത 4th February 2011

"ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവിൻ, വിനാശത്തിലേക്കു നയിക്കുന്ന വാതിൽ വിസ്തൃതവും വഴി വിശാലവുമാണ്. അതിലെ കടന്നുപോകുന്നവർ വളരെയാണുതാനും. എന്നാൽ, ജീവനിലേക്കു നയിക്കുന്ന വാതിൽ ഇടുങ്ങിയതും വഴി വീതി കുറഞ്ഞതുമാണ്. അതു കണ്ടെത്തുന്നവരോ ചുരുക്കം."

(മത്തായി 7: 13 –14)

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil



ST. AGATHA

## പ്രധാന വാർത്തകൾ

ക്രൈസ്തവമൂല്യങ്ങളുടെ സാഹിത്യ ആവിഷ്കാരത്തിന് തയ്യാറാവണം: ഡോ.ജോസഫ് കരിയിൽ

---

മദ്യവിരുദ്ധ പ്രവർത്തനത്തിൽ മുന്നിട്ടിറങ്ങേണ്ടതു സർക്കാർ: മാർ ജോസഫ് കല്ലറങ്ങാട്ട്

---

സഭാസേവനത്തിന് ദൈവശാസ്ത്രം പഠിച്ചവർ മുന്നിട്ടിറങ്ങണം: മാർ ആൻഡ്രൂസ് താഴത്ത്

---

മൂല്യബോധമുള്ള തലമുറ ഭാവിയിലേക്കുള്ള നിക്ഷേപം: മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്

---

മാർപാപ്പയുടെ ഭാരതസന്ദർശനത്തിന്റെ രജത ജൂബിലി: കൊച്ചിയിലെ ദിവ്യബലിക്ക് എല്ലാ കത്തോലിക്കാ മെത്രാന്മാരും

---

വാരാന്ത്യവിചാരങ്ങൾ

## ക്രൈസ്തവമൂല്യങ്ങളുടെ സാഹിത്യ ആവിഷ്കാരത്തിന് തയ്യാറാവണം: ഡോ.ജോസഫ് കരിയിൽ



ക്രൈസ്തവമൂല്യങ്ങളുടെ സാഹിത്യ ആവിഷ്കാരം നിർവഹിക്കേണ്ടത് ആ മതത്തിലുള്ളവർ തന്നെയാണെന്ന് കെസിബിസി മാധ്യമകമ്മീഷൻ ചെയർമാൻ ബിഷപ് ഡോ.ജോസഫ് കരിയിൽ. കെസിബിസി മാധ്യമ അവാർഡ്ദാന സമ്മേളനം പാലാരിവട്ടം പിഒസിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മലയാളത്തിനു വ്യാകരണവും നിഘണ്ടുവും പ്രസാധന സംരംഭങ്ങളും സംഭാവന ചെയ്ത ക്രൈസ്തവർ അക്ഷരത്തിന്റെ ഉത്പാദന മേഖലയെന്നു വിശേഷിപ്പിക്കുന്ന സാഹിത്യത്തിൽ പിന്തള്ളപ്പെട്ടത് എന്തുകൊണ്ടാണെന്നു ചിന്തിക്കണം. എന്നാൽ, ഗുണദോഷ വിവേചനശേഷി കൂടുതലുള്ളതിനാൽ നിരൂപണമേഖലയിൽ ക്രൈസ്തവർ പിന്നിലല്ല. എം.പി പോൾ, ജോസഫ് മുണ്ടശേരി മുതലുള്ള നിരൂപകർ ഇതാണ് വ്യക്തമാക്കുന്നത്. നല്ലതും ചീത്തയും വേർതിരിച്ചു പറയുന്നവർക്കു നല്ലതൊന്നു സൃഷ്ടിക്കാൻ കഴിയണമെന്നില്ല. നിരൂപകനായിരുന്ന മുണ്ടശേരി എഴുതിയ കൊന്തയിൽ നിന്നു കുരിശിലേക്ക് എന്ന നോവലിന് ഏറ്റുവാങ്ങേണ്ടിവന്ന വിമർശനം നിസാരമല്ലെന്നും ബിഷപ് ഡോ.ജോസഫ് കരിയിൽ ഓർമിപ്പിച്ചു. പിഒസി ഡയറക്ടർ ഡോ.സ്റ്റീഫൻ ആലത്തറ അധ്യക്ഷത വഹിച്ചു. ഫാ.ജോസഫ് നിക്കോളാസ്, ഫാ.ജോസ് കോട്ടയിൽ, റവ.ഡോ.ഫ്രാൻസിസ് അറയ്ക്കൽ, റവ.ഡോ.മരിയൻ അറയ്ക്കൽ തുടങ്ങിയവർ പ്രസംഗിച്ചു. കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ജേതാവും ബാലസാഹിത്യകാരനുമായ സിപ്പിപള്ളിപ്പുറത്തെ ബിഷപ് ഡോ.ജോസഫ് കരിയിൽ പൊന്നാടയണിയിച്ച് ആദരിച്ചു. വിവിധമേഖലകളിലായി ബ്രദർ ലൂയിസ് മഞ്ഞളി.ഡോ.എംഎം മൈക്കിൾ, മോൺ.ജോർജ് വെളിപ്പറമ്പിൽ (ഗുരുപൂജ പുരസ്ക്കാരങ്ങൾ), കെ.വി ബേബി(സാഹിത്യം), ഫാ.പോൾ മണവാളൻ (ദാർശനികം), ഫാ.വി.പി ജോസഫ് (മാധ്യമം), ഡോ.കെ.എസ്. രാധാകൃഷ്ണൻ(സംസ്കൃതി പുരസ്ക്കാരം), സംഗീത് വർഗീസ്(യുവ പ്രതിഭ) എന്നിവർ അവാർഡുകൾ ഏറ്റുവാങ്ങി.

## മദ്യവിരുദ്ധ പ്രവർത്തനത്തിൽ മുന്നിട്ടിറങ്ങേണ്ടതു സർക്കാർ : മാർ ജോസഫ് കല്ലറങ്ങാട്ട്



സംസ്ഥാനത്തു പെരുകുന്ന മുഴുവൻ തിന്മകൾക്കും കാരണം മദ്യമാണെന്നും മദ്യവിരുദ്ധ പ്രവർത്തനങ്ങളിൽ മുന്നിട്ടിറങ്ങേണ്ടതു സർക്കാർ തന്നെയാണെന്നും പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്. കെസിബിസി മദ്യവിരുദ്ധസമിതി പാലാ രൂപത സമിതി മദ്യവിരുദ്ധദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ജപമാലറാലിയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പാവപ്പെട്ടവന്റെ പോക്കറ്റടിക്കുന്ന നിലപാടാണു സംസ്ഥാനത്തെ മദ്യനയം. മദ്യവരുമാനത്തെചൊല്ലിയുള്ള സർക്കാരിന്റെ ആവേശത്തിനുള്ള എതിർപ്പ് ചെറുതല്ല. വിവാഹമോചനം, വാഹനാപകടം, മരണം എന്നിവക്കു മദ്യം വഴിതെളിക്കുമ്പോൾ മദ്യം വിൽക്കുന്ന സർക്കാരാണു കുറ്റവാളിയാകുന്നത്. സംസ്ഥാനത്ത് മദ്യത്തിന്റെ ലഭ്യത കുറയ്ക്കണം. ഷാപ്പുകളുടെ ദൂരപരിധിയിൽ പുനഃക്രമീകരണം വേണം- അദ്ദേഹം ആവശ്യപ്പെട്ടു. മദ്യവിരുദ്ധപ്രവർത്തനം രൂപതയുടെ ആത്മാംശമായി ഏറ്റെടുക്കുന്നതായും ഏതാനും മാസങ്ങൾക്കുള്ളിൽ ഒരു ലക്ഷംപേരെ പങ്കെടുപ്പിച്ചു മദ്യവിരുദ്ധരൂപതയുടെ പ്രതിജ്ഞാവാചകം ചൊല്ലുമെന്നും മദ്യവിമുക്തമെന്ന ആത്മീയചിന്തയാണു ലക്ഷ്യമെന്നും ബിഷപ് ഓർമിപ്പിച്ചു. രൂപതയിലെ എല്ലാ ഇടവകകളിലും മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റുകൾ പ്രവർത്തിക്കണം. മദ്യവിമുക്ത പ്രവർത്തനവുമായി ബന്ധപ്പെട്ടു കൗൺസിലിംഗ് സെന്ററുകൾ തുടങ്ങും. സ്കൂളുകളിലെ പിടിഎകളിൽ ഇതുസംബന്ധിച്ച പ്രവർത്തനങ്ങൾ ശക്തമാക്കും. മാധ്യമങ്ങളുടെ സഹകരണത്തോടെ ബോധവത്കരണ ശ്രമങ്ങൾ നടത്തും. ലഹരി മോചന ചികിത്സാ വാർഡുകൾ എല്ലാ ആശുപത്രികളിലും തുടങ്ങും. ലഹരിവിരുദ്ധപാഠങ്ങൾ മതബോധന പഠനത്തിന്റെ ഭാഗമാക്കും. എല്ലാ ദിവസങ്ങളിലും കലാലയങ്ങളിൽ ലഹരി വിരുദ്ധ പ്രതിജ്ഞകൾ ചൊല്ലും-മാർ കല്ലറങ്ങാട്ട് വ്യക്തമാക്കി.

## സഭാസേവനത്തിന് ദൈവശാസ്ത്രം പഠിച്ചവർ മുന്നിട്ടിറങ്ങണം: മാർ ആൻഡ്രൂസ് താഴത്ത്



ദൈവശാസ്ത്രം പഠിച്ചവർ വിശ്വാസത്തിന്റെയും ധാർമിക മൂല്യങ്ങളുടെയും അടിസ്ഥാനത്തിൽ സഭാസേവനത്തിന് തയ്യാറാകാൻ മുന്നിട്ടിറങ്ങണമെന്ന് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് അഭിപ്രായപ്പെട്ടു. ബൽജിയത്തിലെ ലൂവെയ്ൻ കാത്തലിക് യൂണിവേഴ്സിറ്റി, തൃശൂർ ദൈവശാസ്ത്ര വിദ്യാപീഠത്തിൽ നടത്തുന്ന ബിഎ തിയോളജി ഡിഗ്രിയുടെ കൊൺവൊക്കേഷൻ കർമം നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു ആർച്ച്ബിഷപ്. കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്രിസ്ത്യൻ ചെയർ ഡയറക്ടർ ഡോ. പോൾ പുളിക്കൻ അധ്യക്ഷത വഹിച്ചു. ദൈവശാസ്ത്ര വിദ്യാപീഠം ഡയറക്ടർ ഡോ. ജിഫി മേക്കാട്ടുകുളം, സി.വി.ജോസ്, വറീത് തരകൻ, സി.പി.ബാബു, പി.എം.സേവിയർ, ലിജോ ജോസ്, സി.ജൊവാൻ എന്നിവർ പ്രസംഗിച്ചു

## മൂല്യബോധമുള്ള തലമുറ ഭാവിയിലേക്കുള്ള നിക്ഷേപം: മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്



മൂല്യബോധമുള്ള തലമുറ ഭാവിയിലേക്കുള്ള നിക്ഷേപമാണെന്നും അതിനായി കരുതലുള്ള വിദ്യാഭ്യാസം കുട്ടികൾക്കു നൽകണമെന്നും എറണാകുളം -അങ്കമാലി അതിരൂപത സഹായമെത്രാൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പറഞ്ഞു. എറണാകുളം സെന്റ് അഗസ്റ്റിൻസ് സ്കൂളിന്റെ നവതി ആഘോഷ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കൊച്ചി നഗരത്തിന് 90 വർഷമായി വിദ്യാഭ്യാസം നൽകുന്ന ഈ സ്ഥാപനം കാത്തു സൂക്ഷിക്കേണ്ടതും ഭാവിയിലേക്ക് കരുതേണ്ടതും ഓരോരുത്തരുടെയും കടമയാണെന്നു ചടങ്ങിൽ അധ്യക്ഷത വഹിച്ചുകൊണ്ട് മേയർ ടോണി ചമ്മണി പറഞ്ഞു. ഡൊമിനിക് പ്രസന്റേഷൻ എംഎൽഎ ചടങ്ങിൽ ഫോട്ടോ അനാച്ഛാദനം നടത്തി. ഉപഹാരസമർപ്പണം ഫാ.ജേക്കബ് ജി.പാലയ്ക്കാപ്പിള്ളിയും നവതി സുവനീർ പ്രകാശനം റവ.ഫാ.ഡോ.ആന്റണി സി ജോസഫും നിർവഹിച്ചു.

## മാർപാപ്പയുടെ ഭാരതസന്ദർശനത്തിന്റെ രജത ജൂബിലി: കൊച്ചിയിലെ ദിവ്യബലിക്ക് എല്ലാ കത്തോലിക്കാ മെത്രാന്മാരും

ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ ഭാരത സന്ദർശനത്തിന്റെ രജതജൂബിലി ആചരണത്തോടനുബന്ധിച്ച് ഫെബ്രുവരി ഏഴിന് എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ നടക്കുന്ന ദിവ്യബലിയിൽ കേരളത്തിലെ എല്ലാ കത്തോലിക്കാ മെത്രാന്മാരും പങ്കെടുക്കും. ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ പ്രത്യേക പ്രതിനിധിയായെത്തുന്ന കർദിനാൾ കോർമാക് മർഫി ഒകോണർ ദിവ്യബലിയിൽ മുഖ്യകാർമികത്വം വഹിക്കും. വൈകുന്നേരം നാലിനാണു ദിവ്യബലി. വിശുദ്ധ കുർബാനയിൽ പങ്കു ചേരാനെത്തുന്നവരെ സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ വർക്കി വിതയത്തിൽ സ്വാഗതം ചെയ്യും. സിബിസിഐ പ്രസിഡന്റ് കർദിനാൾ ഡോ. ഓസ്വാൾഡ് ഗ്രേഷ്യസ് ആമുഖപ്രഭാഷണവും ഇന്ത്യയിലെ വത്തിക്കാൻ പ്രതിനിധി ആർച്ച്ബിഷപ് സാൽവത്തോരെ പെനാക്കിയോ അനുഗ്രഹ പ്രഭാഷണവും നടത്തും. കെസിബിസി പ്രസിഡന്റ് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് കൃതജ്ഞത അർപ്പിക്കും. ഏഴിന് വരാപ്പുഴ ആർച്ച്ബിഷപ്സ് ഹൗസിൽ ആർച്ച്ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറക്കലിന്റെ ആതിഥേയത്വത്തിൽ പേപ്പൽ പ്രതിനിധിസംഘത്തോടൊപ്പം എല്ലാ മെത്രാന്മാരുടെയും ക്ഷണിക്കപ്പെട്ടവരുടെയും സമ്മേളനം. ജൂബിലി ആചരണത്തോടനുബന്ധിച്ചു ജോൺ പോൾ രണ്ടാമൻ മാർപാപ്പയും കേരളത്തിലെ സഭാസമൂഹങ്ങളും എന്ന വിഷയത്തിൽ നടക്കുന്ന സിമ്പോസിയത്തിൽ കേരളത്തിലെ എല്ലാ കത്തോലിക്കാ രൂപതകളിൽനിന്നുമുള്ള പ്രതിനിധികൾ പങ്കെടുക്കും. എറണാകുളം സെന്റ് മേരീസ് ബസിലിക്കാ ഹാളിൽ ഉച്ചയ്ക്കു രണ്ടിനു നടക്കുന്ന സിമ്പോസിയം സീറോ മലങ്കര സഭ മേജർ ആർച്ച്ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ ഉദ്ഘാടനം ചെയ്യും. എഡിജിപി ഡോ. അലക്സാണ്ടർ ജേക്കബ് ക്ലാസ് നയിക്കും. ബ്രിട്ടനിലെ വെസ്റ്റ്മിനിസ്റ്റർ ആർച്ച്ബിഷപ്പായിരുന്ന കർദിനാൾ മർഫി ഒകോണർ കൊച്ചിക്കു പുറമേ ഡൽഹി, മുംബൈ, കൊൽക്കത്ത, റാഞ്ചി എന്നിവിടങ്ങളിൽ നടക്കുന്ന ജൂബിലി ആചരണപരിപാടികളിലും പങ്കെടുക്കും.

## ജനാധിപത്യത്തിലെ നിതാന്ത ജാഗ്രത

അഴിമതിയും അധികാര ദുർവിനിയോഗവും ഇക്കഴിഞ്ഞ നാളുകളിൽ നമ്മുടെ വാർത്താമാധ്യമങ്ങളിൽ പ്രധാന ചർച്ചാവിഷയമായിരുന്നു. ജുഡീഷ്യറി ഉൾപ്പെടെ എല്ലാമേഖലകളിലും പരക്കെ അഴിമതിയെന്ന വിചാരം പൊതുസമൂഹത്തിൽ രൂപമെടുക്കുന്നതായി കാണുന്നു. സാമാന്യ ഭാവനയ്ക്കും ചിന്തയ്ക്കും ഒക്കെ അതീതമായ തലങ്ങളിലും രീതിയിലും ആഴത്തിലുമൊക്കെ അഴിമതിയെന്ന ധാരണയാണ് മാധ്യമങ്ങൾ നമ്മുടെ സാമൂഹ്യ രാഷ്ട്രീയ ജീവിതത്തെക്കുറിച്ചു നൽകുന്നത്. ഈ വർത്തമാനങ്ങൾ സൃഷ്ടിക്കുന്ന അരക്ഷിതാവസ്ഥയും അസ്വസ്ഥതയും അപകടകരമാംവിധം വിപുലവുമാണ്. ജനാധിപത്യത്തിലും ഭരണനിർവ്വഹണസംവിധാനങ്ങളിലും പൗരസമൂഹത്തിനുള്ള വിശ്വാസത്തിന് കനത്ത ആഘാതമേൽപ്പിക്കുന്നതാണ് വ്യാപകമായ അഴിമതിയെക്കുറിച്ചും ഭരണാധികാരമുപയോഗിച്ചു നടത്തുന്ന കയ്യേറ്റങ്ങളെക്കുറിച്ചുമുള്ള അറിവുകൾ. പലപ്പോഴും അരാജകത്വത്തിലേക്ക് നയിക്കുന്നത് ഇതുപോലെയുള്ള സാമൂഹ്യ രാഷ്ട്രീയ പശ്ചാത്തലങ്ങളാണ് എന്നകാര്യവും ഓർക്കേണ്ടതാണ്.

ഈ പശ്ചാത്തലത്തിലാണ് വടക്കേ ആഫ്രിക്കൻ രാജ്യങ്ങളിലും മറ്റും ഭരണകൂടത്തിനെതിരെ നടക്കുന്ന പ്രതിഷേധ പ്രകടനങ്ങളേയും അക്രമാസക്തമായ നീക്കങ്ങളേയും കാണേണ്ടത്. ടുണീഷ്യയിൽ ഈ നീക്കങ്ങൾ പുതിയ ഭരണാധികാരികളിലേക്കുള്ള അധികാര കൈമാറ്റത്തിന് കളമൊരുക്കി. ഈജിപ്തിൽ മുബാരക് ഗവൺമെന്റിന്റെ ഭരണകാലം അവസാനിക്കാറായതായി കരുതുന്നു. യെമനിലും മറ്റും പ്രശ്നങ്ങൾ രൂക്ഷമായി കൊണ്ടിരിക്കുന്നു. ആഫ്രിക്കയിൽ മാത്രമല്ല ജോർദ്ദാൻ, സിറിയ എന്നീ രാജ്യങ്ങളിലും ഭരണവിരുദ്ധവികാരങ്ങളും നീക്കങ്ങളും ശക്തമാണ്. അധികാരദുർവിനിയോഗവും അഴിമതിയുമാണ് ഇവിടുത്തെ ഭരണകൂടങ്ങളുടെ വിശ്വാസ്യത നഷ്ടമാക്കിയത്. അപകടകരമായ അരാജാകാവസ്ഥയിലേക്കാണ് പല രാജ്യങ്ങളുടേയും പോക്കെന്നും പൊതുവെ വിലയിരുത്തുന്നവരുണ്ട്.

നിതാന്തജാഗ്രത ഓരോ പൗരനിൽനിന്നും ജനാധിപത്യം ആവശ്യപ്പെടുന്നുണ്ട് എന്ന് നമ്മൾ സാധാരണ പറയാറുണ്ടല്ലോ. അഴിമതിയിലേക്കു നയിക്കുന്നവർ അധികാരസ്ഥാനങ്ങളിൽ എത്താതെ നോക്കാൻ ജനാധിപത്യതെരഞ്ഞെടുപ്പുകളിൽ നമ്മൾ ശ്രദ്ധിക്കേണ്ടതാണ്. അഴിമതി അതെത്ര ചെറുതായാലും നമ്മൾ അനുവദിക്കുകയോ കൂട്ടു നിൽക്കുകയോ അരുത്. വഴിവിട്ട ഒരുകാര്യവും നമ്മൾ ആഗ്രഹിക്കുകപോലും ചെയ്യരുത്. അതുപോലെ അഴിമതിക്കാരെ തങ്ങളുടെ തെറ്റുകൾ ബോധ്യപ്പെടുത്താനും തിരുത്താനും അതിനുതയ്യാറായില്ലെങ്കിൽ തിരുത്തിക്കാനും നമ്മൾക്ക് കഴിയണം. നമ്മുടെ എല്ലാ പ്രതികരണങ്ങളും ജനാധിപത്യമാർഗ്ഗത്തിലൂടെ ആയിരിക്കുകയും വേണം. എല്ലാ സാമൂഹ്യ രാഷ്ട്രീയ ഭരണതലങ്ങളും നീതിനിഷ്ഠമായി സംരക്ഷിക്കാൻ നമ്മൾക്ക് പ്രതിജ്ഞാബദ്ധരാകാം.

**"Jagratha News"** – An internet news service is free and for private circulation
**Web:** www.kcbcsocialharmony.org
**Blog:** jagrathakcbc.blogspot.com
**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA